അതു സംബന്ധിച്ച റിപ്പോർട്ട് ലോകബാങ്കിന്റെ പരിശോധനയ്ക്ക് വിധേയമാക്കി ധനസഹായം കരസ്ഥമാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ 6061.171 കി.മീ. ദൈർഘ്യം വരുന്ന ഗ്രാമീണ മറ്റു ജില്ലാതല റോഡുകളെ പ്രധാന ജില്ലാതല റോഡുകളുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. അയ്യായിരത്തോളം കി.മി റോഡുകളെക്കൂടി പ്രധാന ജില്ലാ തല റോഡുകളായി ഉയർത്തുന്ന കാര്യം പരിശോധിച്ചുവരുന്നു. പരീക്ഷണാടിസ്ഥാനത്തിൽ കോട്ടയം-കുമളി റോഡിൽ 5 കി.മീറ്റർ ദൂരം റബ്ബറൈസ് ചെയ്തിട്ടുണ്ട്. ഘട്ടംഘട്ടമായി സംസ്ഥാനത്തെ പ്രധാനപ്പെട്ട റോഡുകളെ റബ്ബറൈസ് ചെയ്യുന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു. സ്റ്റേറ്റ് ഹൈവേകളിലെല്ലാം 40 മി.മീ. കനത്തിലുള്ള ബിറ്റുമിനസ് കോൺക്രീറ്റു ചെയ്തു ഉപരിതലം പുതുക്കുന്നതിന് നടപടികളെടുത്തിട്ടുണ്ട്. മണ്ണാറക്കുളഞ്ഞി-പ്ലാപ്പള്ളി റോഡിൽ ഏതാനും ഭാഗത്ത് കൂടുതൽ ഉറപ്പും ഈടുമുള്ള ബി.എം. ആന്റ് എ.സി ചെയ്യുന്നതിനുള്ള പണി ആരംഭിച്ചിട്ടുണ്ട്. സ്വകാര്യ പങ്കാളിത്തത്തോടെ നോർത്ത്-സൗത്ത് എക്സ്പ്രസ് ഹൈവേ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രധാനപ്പെട്ട നഗരങ്ങളിൽ വാഹനത്തിരക്ക് കുറയ്ക്കുന്നതിനുള്ള ബൈപാസുകൾ നിർമ്മിക്കുന്നതുൾപ്പെടെയുള്ള പദ്ധതികളും ഏറ്റെടുത്തിട്ടുണ്ട്. കൊല്ലം-ചെങ്കോട്ട റോഡ് ദേശീയപാതയായി ഉയർത്തിയിട്ടുണ്ട്. സംസ്ഥാന ഹൈവേകളുടെ സംരക്ഷണത്തിന് മാത്രമായി ഒരു സമഗ്രമായ ഹൈവേ ബില്ല് പരിശോധനയിലാണ്. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറ്റെടുത്ത റോഡുകളുടെ പട്ടിക അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു.

(ഇ) കേരളത്തിലെ ദേശീയപാതകളുടെ പണികളെല്ലാം കേന്ദ്രഗവണ്മെന്റിന്റെ ഫണ്ട് ഉപയോഗിച്ചാണ് നടത്തുന്നത്.

(എഫ്) കേന്ദ്രസർക്കാരിന്റെ സാമ്പത്തിക പ്രാധാന്യമുള്ള റോഡുകൾക്കുള്ള സഹായ പദ്ധതിയിൽപ്പെടുത്തുന്നതിന് ഈ പദ്ധതി സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിലും കേന്ദ്രഉപരിതല ഗതാഗത വകുപ്പിന്റെ അനുമതി ലഭിച്ചാലെ പ്രസ്തുത റോഡിന്റെ പണി തുടങ്ങാൻ കഴിയൂ.

(ജി) ദേശീയപാത 47-ൽ കൃഷ്ണപുരം മുതൽ ഹരിപ്പാടു വരെ വീതി കൂട്ടുന്ന ജോലിക്കുള്ള ദർഘാസ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിലേക്ക് അംഗീകാരത്തിനായി അയച്ചു കൊടുത്തിട്ടുണ്ട്. ഈ പണി പൂർത്തീയാക്കുവാൻ ഇപ്പോൾ ലഭിച്ച ദർഘാസ് പ്രകാരം 1538.50 ലക്ഷം രൂപ വേണ്ടി വരും.

116 (1334) കാലവർഷക്കെടുതികൾമൂലം റോഡുകൾക്കുണ്ടായ നാശനഷ്ടങ്ങൾ

ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. എം. നാരായണൻ(ഹോസ്ദുർഗ്ഗ്) :
ശ്രീ. പി.എസ്. സുപാൽ :
ശ്രീമതി ആർ. ലതാദേവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കഴിഞ്ഞ കാലവർഷക്കെടുതി മൂലം റോഡുകൾക്കുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി പൊതുമരാമത്ത് വകുപ്പ് എത്ര രൂപ അനുവദിച്ചു; അതു പ്രകാരം ഓരോ ജില്ലക്കും ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) നാശനഷ്ടങ്ങൾ ഉണ്ടായ റോഡുകളുടെ അറ്റകുറ്റപണികൾ നടത്തുമ്പോൾ റോഡിന്റെ ഇടിഞ്ഞുപോയ സൈഡുകൾ കെട്ടരുതെന്നും വീതി വർദ്ധിപ്പിക്കരുതെന്നും പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിരുന്നോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഇപ്രകാരമുള്ള ഉത്തരവ് മൂലം പണികൾ മുടങ്ങിപ്പോയിട്ടുള്ളതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1998-1999-ലെ കാലവർഷക്കെടുതികൾ മൂലം സംസ്ഥാനത്തെ ദേശീയ പാതകൾക്കുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് 8,77,01,700/- രൂപ അനുവദിച്ചു. അതുപ്രകാരം ഓരോ ജില്ലക്കും ലഭിച്ച തുക താഴെപ്പറയുന്നു.

തിരുവനന്തപുരം ജില്ല - 70,60,400/-

(തിരുവനന്തപുരം ഡിവിഷൻ)

കൊല്ലം ജില്ല - 72,39,000/-

(കൊല്ലം ഡിവിഷൻ)

ആലപ്പുഴ ജില്ല - 54,43,400/-

(ആലപ്പുഴ ഡിവിഷൻ)

എറണാകുളം ജില്ല - 2,24,87,400/-

(പാലാരിവട്ടം, മൂവാറ്റുപുഴ ഡിവിഷൻ)

തൃശ്ശൂർ ജില്ല - 1,68,36,600/-

(തൃശ്ശൂർ, കൊടുങ്ങല്ലൂർ ഡിവിഷൻ)

കോഴിക്കോട് ജില്ല - 1,29,11,900/-

മലപ്പുറം ജില്ല

(കോഴിക്കോട് ഡിവിഷൻ)

കണ്ണൂർ ജില്ല - 1,57,23,000/-

കാസർഗോഡ് ജില്ല

(കണ്ണൂർ ഡിവിഷൻ)

എന്നാൽ റോഡുകളും പാലങ്ങളും വിഭാഗത്തിൽ കാലവർഷക്കെടുതികൾമൂലം റോഡുകൾക്കുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേകമായി തുകയൊന്നും അനുവദിച്ചിട്ടില്ല.

(ബി) ഇത്തരത്തിലുള്ള നിർദ്ദേശം നൽകിയിട്ടില്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly